**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1353** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ പാത , സംസ്ഥാന പാത വിഭാഗങ്ങളിൽ നിലവിൽ എത്ര കിലോമീറ്റർ വീതമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളത് എന്നും ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. ചെയ്തിട്ടുണ്ട് എന്നും വ്യക്തമാകുമോ; | (എ) | **ദേശീയപാത വിഭാഗത്തിന്‍ കീഴിൽ നിലവിൽ 548 കി.മീ. ദേശീയപാതകളാണുള്ളത്. ഈ റോഡുകൾ എല്ലാം തന്നെ ബി.എം. & ബി.സി നിലവാരത്തിലുള്ളവയാണ്.**<br><br>**നിരത്ത് വിഭാഗത്തിന്‍ കീഴിൽ 4128 കി.മീ സംസ്ഥാനപാതകളാണുള്ളത്. ഇതിൽ 3252 കിലോമീറ്റർ റോഡുകൾ ബി.എം & ബി.സി നിലവാരത്തിലുള്ളവയാണ്.** |
| (ബി) | ദേശീയപാത അതോറിട്ടിയുടെ റോഡുകളിൽ ഏതെങ്കിലും റോഡുകളുടെ പരിപാലന ചുമതല പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ; | (ബി) | **NHAI-യുടെ കീഴിലുള്ള ദേശീയപാതകളുടെ പരിപാലനം NHAI യാണ് നടപ്പിലാക്കേണ്ടത്. എന്നാൽ NH-966, NH-85, NH-744 എന്നീ ദേശീയപാതകൾ പരിപാലിക്കുന്നതിനായി നിലവിൽ കരാറുകാരെ/ കൺസൾട്ടന്റുമാരെ NHAI ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത ദേശീയപാതകളിൽ NHAI തുക അനുവദിച്ച് നിർദ്ദേശിക്കുകയാണെങ്കിൽ ആ തുക കൊണ്ട് പൊതുമരാമത്ത് ദേശീയ പാത വിഭാഗം മെയിന്റനൻസ് പ്രവൃത്തികൾ നടത്താറുണ്ട്.** |
| (സി) | നിശ്ചിത യോഗ്യതയുള്ള ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; | (സി) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സർക്കാരിന്റെ പരിശോധനയിലാണ്.** |
| (ഡി) | കൊണ്ടോട്ടി മണ്ഡലത്തിലെ കൊണ്ടോട്ടി മേലങ്ങാടി - എയർപോർട്ട് റോഡ്, കോട്ടുമ്മൽ - മാങ്കടവ് - ചുങ്കം റോഡ്, തുറക്കൽ - ചമ്മല പറമ്പ റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന നഗരസഭയുടെയും പഞ്ചായത്തിന്റെയും നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുമോ; | (ഡി) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സർക്കാരിന്റെ പരിശോധനയിലാണ്.** |
| (ഇ) | പ്രധാന ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഒരു നിശ്ചിത കാലത്തേക്ക് പരിപാലിക്കുന്നതിന് | (ഇ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത്** |

| | | | |
|---|---|---|---|
| | പദ്ധതി രൂപീകരിക്കുമോ? | | **സർക്കാരിന്റെ പരിശോധനയിലാണ്.** |

സെക്ഷൻ ഓഫീസർ